# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2893** 		**19.06.2014 ൽ മറുപടിക്ക്**

## ചിറക്കരത്താഴത്ത് മാവേലിസ്റ്റോർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ ചിറക്കരത്താഴത്തു് പുതുതായി മാവേലിസ്റ്റോർ ആരംഭിക്കുന്നതിലേക്ക് അപേക്ഷ ലഭിച്ചിരുന്നുവോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമ പഞ്ചായത്തിൽ ചിറക്കരത്താഴത്ത് പുതുതായി മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ സാദ്ധ്യതാ പഠന റിപ്പോർട്ടിനായി തിരുവനന്തപുരം മേഖല മാനേജർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥലത്ത് മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ? | (ബി) നിലവിൽ സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനാണ് സപ്ലൈകോ മുൻഗണന നൽകിവരുന്നത്. ചിറക്കര ഗ്രാമപഞ്ചായത്തിൽ നിലവിൽ ഒരു മാവേലി സ്റ്റോർ ചിറക്കര എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്.<br>മേൽ പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിലും മേഖല മാനേജരുടെ സാദ്ധ്യത പഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിലും തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

Beena

**സെക്ഷൻ ഓഫീസർ**